**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T*150** — **31/01/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>,, എ. പ്രദീപ്കുമാർ<br>,, പി.കെ. ശശി<br>,, സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മിഷൻ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും നയപരമായ കാര്യങ്ങൾക്ക് അന്തിമ രൂപം നൽകുന്നതിനും ബഹു. മുഖ്യമന്ത്രി അധ്യക്ഷനായി ലൈഫ് മിഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷന്റെ യോഗം 03.01.2017, 07.02.2017, 05.04.2017, 13.07.2017 എന്നീ തീയതികളിൽ കൂടിയിട്ടുണ്ട്. ഇത് കൂടാതെ പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനും, സാങ്കേതിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും ചീഫ് സെക്രട്ടറി അധ്യക്ഷനായി മിഷൻ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉപസമിതി 03.11.2017, 22.11.2017, 21.12.2017 എന്നീ തീയതികളിൽ കൂടിയിട്ടുണ്ട്.<br>ഇതിനുപരിയായി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തലത്തിലും, വകുപ്പ് സെക്രട്ടറി തലത്തിലും കൃത്യമായ വേളകളിൽ മിഷൻ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ട്. ജില്ലാതലത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കൃത്യമായ ഇടവേളകളിൽ പ്രവർത്തന പുരോഗതി അവലോകനം നടത്തിവരുന്നു.<br>പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുകയാണ് പ്രധാനമായും അവലോകനം ചെയ്യുന്നത്. മിഷന്റെ ആദ്യഘട്ടത്തിൽ ഏറ്റവും കൂടുതൽ അവലോകനത്തിന് വിധേയമാക്കിയിട്ടുള്ളത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ്. നിലവിൽ ഗുണഭോക്താവിനെ കണ്ടെത്തുന്ന വ്യാപക സർവ്വേ പൂർത്തീകരിച്ച്, രണ്ട് ഘട്ടം അപ്പീലും പൂർത്തീകരിച്ച്, തദ്ദേശ സ്ഥാപനത്തിലുള്ള വാർഡ്സഭ / ഗ്രാമസഭകൾ പൂർത്തീകരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| | | | മിഷന്റെ ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവും വിശദമായ അവലോകനത്തിന് വിധേയമാക്കിയിട്ടുണ്ട്. നിലവിൽ 66750 ഭവനങ്ങൾ പൂർത്തീകരിക്കാൻ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. ഇവയിൽ നാളിതുവരെ 3661 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നും അർഹതയുള്ള ഒരാൾ പോലും വിട്ടുപോകുന്നില്ല എന്ന് ഉറപ്പുവരുത്തു ന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നും അർഹതയുള്ള ഒരാൾ പോലും വിട്ടുപോകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനും, വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. SECC യിലെ ഭവന രഹിതരുടെ പട്ടിക, വിവിധ ഭവന ധനസഹായ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക, അയൽക്കൂട്ടം കണ്ടെത്തിയ ഭവനരഹിതരുടെ പട്ടിക എന്നിവയിൽ നിന്ന് പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ സർവ്വേ നടത്തിയാണ് പ്രാഥമിക ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. ഇത്തരത്തിൽ 12,45,174 പേരെ സർവ്വേയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും, ജില്ലാതലത്തിലും അപ്പീലിന് അവസരം നൽകിയിരുന്നു. ഈ ഘട്ടത്തിൽ അർഹതയുള്ള വരെ കൂട്ടി ചേർക്കാനും, അനർഹരെ ഒഴിവാക്കാനും അവസരം ഉണ്ടായിരുന്നു. ഗുണഭോക്താവിന് പുറമെ മൂന്നാമതൊരു കക്ഷിക്കും ഉൾക്കൊള്ളിക്കുന്നതിനും, ഒഴിവാക്കുന്നതിനും പരാതി നല്കാമായിരുന്നു. അപ്പീലിന് ശേഷം ലഭിച്ച ഗുണഭോക്തൃ പട്ടിക വാർഡ്സഭ / ഗ്രാമസഭയിൽ പരിഗണനക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു. വാർഡ്സഭയിൽ ലഭിക്കുന്ന അപേക്ഷകൾ / പരാതികൾ എന്നിവ പരിശോധിച്ച്, അർഹരായവരെ സപ്ലിമെന്ററി ലിസ്റ്റ് ആയി പരിഗണിക്കുന്നതാണ്. ഇത്തരം നടപടിക്രമങ്ങളിൽ കൂടി അർഹരായ എല്ലാവരെയും ഉൾക്കൊള്ളിക്കാനും, അനർഹരായ എല്ലാവരെയും ഒഴിവാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | നിലവിൽ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (സി) | പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ സാധ്യത പട്ടികയിലുള്ള ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ച്, നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ വിവരങ്ങൾ ശേഖരിക്കുകയും, തുടർന്ന് ഇതിനായി തയ്യാറാക്കിയ MIS Software ൽ രേഖപ്പെടുത്തുകയും ചെയ്തു. യോഗ്യതയുള്ള ഗുണഭോക്താക്കളെ മാത്രം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ Software തിരഞ്ഞെടുത്തു. പ്രസ്തുത പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, ജില്ലാതലത്തിലും ആക്ഷേപം സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കുകയും, ആക്ഷേപങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുകയും യോഗ്യതയുള്ളവരെ കൂട്ടി ചേർക്കുകയും, പട്ടികയിലുള്ള യോഗ്യതയില്ലാത്തവരെ ഒഴിവാക്കുകയും ചെയ്തു. തുടർന്ന് കരട് പട്ടിക വാർഡ് സഭ / ഗ്രാമസഭ യുടെ പരിഗണനക്ക് സമർപ്പിക്കുകയും, ലഭിച്ച അപേക്ഷകൾ പരിഗണിച്ച് പട്ടിക അന്തിമമാക്കിവരികയുമാണ്. ഇത്തരത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. |
| (ഡി) | പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ സേവനം എത്രമാത്രം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഭവനങ്ങൾ സന്ദർശിച്ച്, ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ചത് കുടുംബശ്രീ പ്രവർത്തകരാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി നിലവിലുള്ള ഭവനരഹിതരുടെ പട്ടികയോടൊപ്പം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ കൂടി, വിട്ടുപോയ ഭവനരഹിതരുടെ പട്ടിക തയ്യാറാക്കി. പ്രസ്തുത പട്ടികയിലുള്ളവരുടെ ഭവനങ്ങൾ സന്ദർശിച്ചാണ് കുടുംബശ്രീ പ്രവർത്തകർ വിവരശേഖരണം നടത്തിയത്. ഇത്തരത്തിൽ 12,45,174 ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിച്ചു<br>കുടുംബശ്രീ പ്രവർത്തകർ, കുടുംബശ്രീയുടെ IT യൂണിറ്റുകളുടെ സഹായത്തോടെയാണ് എല്ലാ ഫാറങ്ങളും MIS ൽ enter ചെയ്തത്. ഇതിനായുള്ള MIS തയ്യാറാക്കിയതും കുടുംബശ്രീ ആയിരുന്നു. ഇത്തരത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ